**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5905** **25-03-2025 - ൽ മറുപടിയ്ക്ക്**

**ടെക്സ്റ്റൈൽസ് കോർപറേഷന് കീഴിലുള്ള മില്ലുകളുടെ വിവിധ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് അടച്ചുപൂട്ടപ്പെട്ട എൻ.ടി.സി. മില്ലുകൾ ഏതെല്ലാം; അവ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിജയമോഹിനി മിൽസ് ലിമിറ്റഡ്, തിരുവനന്തപുരം, അളഗപ്പ ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ, കേരള ലക്ഷ്മി മിൽസ് ലിമിറ്റഡ്, തൃശ്ശൂർ, കാനന്നൂർ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ എന്നീ മില്ലുകളാണ് എൻ.ടി.സി യുടേതായിട്ടുള്ളത്. കോവിഡ് ലോക്ക്ഡൗണിനെ തുടർന്ന് ഈ മില്ലുകൾ അടച്ചിടേണ്ടി വന്നു. തുടർന്ന് 2021 മുതൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും മൂലധന ശോഷണവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും കാരണം ചില മില്ലുകൾ പ്രവർത്തിക്കുന്നില്ല.<br><br>എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തിക ശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗുമായും ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു എന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സംബന്ധിച്ച് സർക്കാർ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തുന്നുണ്ട്. |
| (ബി) | പ്രവർത്തനം നിർത്തിയ എടരിക്കോട് ടെക്സ്റ്റൈൽസ്, തൃശ്ശൂർ സഹകരണ മിൽ എന്നിവ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | **എടരിക്കോട് ടെക്സ്റ്റൈൽസ്**<br><br>എടരിക്കോട് ടെക്സ്റ്റൈൽസ് പ്രവർത്തന മൂലധന ശോഷണത്താൽ, 18.12.2023 തീയതി മുതൽ ലേ ഓഫിലാണ്. മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ ജോബ് വർക്ക് കൺവർഷൻ രീതി പരിഗണിച്ചെങ്കിലും ഉയർന്ന ഉൽപാദന ചെലവ് കാരണം അതിന് സാധിക്കാത്ത സാഹചര്യത്തിൽ ഓപ്പൺ എൻഡ് മെഷീൻ സ്ഥാപിച്ച് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. അതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിനു കീഴിലെ ലേ ഓഫിലായ എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ഒരു സംയുക്ത പ്രൊപ്പോസൽ കെ.എസ്.ടി.സി സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.02.2025ന് കോട്ടയം, എടരിക്കോട് എന്നീ മില്ലുകളിലെ അംഗീകൃത ട്രേഡ് യൂണിയൻ ഭാരവാഹികളുമായി ചർച്ച നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ശിപാശകളിന്മേൽ ട്രേഡ് യൂണിയനുകൾ അഭിപ്രായ സമന്വയമുണ്ടാക്കിയിട്ടുണ്ട്.<br><br>ഓപ്പൺ എൻഡ് രീതി നടപ്പാക്കി പ്രവത്തനം പുനരാരംഭിക്കുന്നതോട്ടു കൂടി മില്ലിന്റെ പ്രതിമാസ നഷ്ടം 50 ലക്ഷം രൂപയിൽ നിന്നും Breakeven ലേക്ക് എത്തിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.<br><br>**<u>തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ</u>**<br><br>തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ വൈദ്യുതി കുടിശ്ശിക സർക്കാർ തീർത്തിട്ടുണ്ട്. മില്ലിലേക്കുള്ള വൈദ്യുതി പുനഃസ്ഥാപിച്ച് അത്യാവശ്യം അറ്റകുറ്റപണികൾ നടത്തി മിൽ തുറന്നു പ്രവർത്തിക്കാനായി സർക്കാർ ഈ വർഷം 150ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കോട്ടൺ ബോർഡ് മുഖേന ആവശ്യത്തിന് അസംസ്കൃത വസ്തുക്കളായ പോളിയസ്റ്ററും കോട്ടണും ലഭ്യമാക്കി മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ഇപ്പോൾ മില്ലിന് ബാധ്യതയായിട്ടുള്ള ഭീമമായ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക അടുത്ത വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും ഒരു പരിധിവരെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ടെക്സ്റ്റൈൽ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്ത മില്ലുകൾ ഏതെല്ലാമാണ്; ശമ്പള പരിഷ്കരണം ഉടൻതന്നെ നടപ്പിൽ വരുത്തുമോ; ശമ്പളവും ഗ്രാറ്റ്വിറ്റിയും ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശികകൾ കൊടുത്തുതീർക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസ് ദീർഘകാലമായി ലേ ഓഫിലായതിനാൽ LTA നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ച ലേ ഓഫിൽ ആണെങ്കിലും LTA നടപ്പിലാക്കുന്നത് സംബന്ധിച്ച ചർച്ചകൾ കോട്ടയം ടെക്സ്റ്റൈൽസിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മിൽ ഒഴിച്ചുള്ള കെ.എസ്.ടി.സിയുടെ മറ്റ് 6 മില്ലുകളിലും ദീർഘകാല കരാർ (LTA) നടപ്പാക്കികഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | ടെക്സ്ഫെഡിനു കീഴിലുള്ള കെ കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മില്ലിൽ ദീർഘകാല കരാറിനായുള്ള ചർച്ച നടന്നു വരുന്നു. ടെക്സ്ഫെഡിന്റെ മെമ്പർ സഹകരണ മില്ലുകളായ കൊല്ലം, ആലപ്പി, പ്രിയദർശിനി, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം, മാൽക്കോടെക്സ് എന്നിവിടങ്ങളിൽ ദീർഘകാല കരാറും ശമ്പള പരിഷ്കരണവും നടപ്പാക്കിയിട്ടുണ്ട്.<br><br>ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ജീവനക്കാർക്കുള്ള ശമ്പള പരിഷ്കരണം 2024 ഏപ്രിൽ മാസമാണ് നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ ശമ്പളവും ഗ്രാറ്റുവിറ്റിയും കുടിശിക ഇല്ല.<br><br>സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിൽ ശമ്പള പരിഷ്കരണം 2016 വരെ നടപ്പിലാക്കിയിട്ടുണ്ട്. കമ്പനി ലേ-ഓഫിൽ ആയതിനാൽ 8 മാസത്തെ ലേ-ഓഫ് വേതനം കുടിശികയുണ്ട്.<br><br>സ്റ്റാറ്റ്യൂട്ടറി കുടിശികകൾ തീർപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലെ മില്ലുകൾക്കായി 300 ലക്ഷം രൂപയും ഹാൻവീവിന് 175 ലക്ഷം രൂപയും സീതാറാം ടെക്സ്റ്റയിൽസിന് 155 ലക്ഷം രൂപയും ടെക്സ്ഫെഡിന് കീഴിലുള്ള പ്രിയദർശിനി, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കായി യഥാക്രമം 135 ലക്ഷം, 70 ലക്ഷം എന്നിങ്ങനെ തുകകൾ സർക്കാർ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (ഡി) | കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനും തുല്യജോലിക്ക് തുല്യവേതനം നൽകാനും നടപടി സ്വീകരിക്കുമോ? | (ഡി) | മില്ലുകളിൽ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ